**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

സർവകലാശാലയുടെ മങ്ങാട്ടുപറമ്പ ,നീലേശ്വരം കാമ്പസുകളിൽ ഉള്ള പി ജി ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമുകളേക്കുള്ള ഫീസ് 2022-23 അക്കാദമിക വർഷം മുതൽ ഏകീകരിക്കുന്നത് സംബന്ധിച്ച സർവകലാശാല സിണ്ടിക്കേറ്റ് എടുത്ത തീരുമാനം നടപ്പിൽ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി വിഭാഗം**

അക്കാഡ് ഡി/1111/Fee Structure/2022 തീയതി: 29.08.2022

---

പരാമർശം:-1.14.01.2021 തീയതിയിലെ അക്കാഡ് ഡി/6323/Fee/2017 നമ്പർ ഉത്തരവ്.
2.07.05.2022 തീയതിയിലെ Acad D2/1111/ Fee Structure/2022 നമ്പർ ഉത്തരവ്.
3.06.07.2022തീയതിയിലെ അക്കാഡ് ഡി/6323/ Fee/ 2017 നമ്പർ ഉത്തരവ്.
4 .21.06.2022 തീയതിയിലെ സർവകലാശാല സിണ്ടിക്കേറ്റ് അംഗം Dr A Ashokan യുടെ കത്ത്.
5 .സർവകലാശാല സ്ഥിരം സമിതി CRLP യുടെ 15.07.2022 തീയതിയിലെ യോഗ നിർദ്ദേശം.
6 .സർവകലാശാല സിണ്ടിക്കേറ്റ് യുടെ 12.08.2022 തീയതിയിലെ 2022.462 ഇനം തീരുമാനം

**ഉത്തരവ്**

1.പരാമർശം (1),(2) പ്രകാരം സർവകലാശാലയുടെ ഐ ടി പഠന വകുപ്പിനു കീഴിൽ മങ്ങാട്ടുപറമ്പ കാമ്പസ്, ഡോ.പി.കെ രാജൻ മെമ്മോറിയൽ കാമ്പസ് നീലേശ്വരം എന്നിവിടങ്ങളിലെ പി ജി ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമുകളിലേക്കുള്ള ഫീസ് നിശ്ചയിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2.പരാമർശം (3) പ്രകാരം,മങ്ങാട്ടുപറമ്പ കാമ്പസ്,ഐ ടി പഠന വിഭാഗത്തിലെ പ്രസ്തുത പ്രോഗ്രാമിലേക്കുള്ള Caution Deposit 2022-23 പ്രവേശന വർഷം മുതൽ 5000/- രൂപയിൽ നിന്നും 1000/- രൂപയായി കുറച്ചിട്ടുണ്ട്.

3.സർവകലാശാലയുടെ മങ്ങാട്ടുപറമ്പ,നീലേശ്വരം കാമ്പസുകളിൽ നടക്കുന്ന ഈ പ്രോഗ്രാമുകളുടെ ഫീസ്ഘടന ഏകീകരിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ പരാമർശം (4) പ്രകാരം സർവകലാശാല സിണ്ടിക്കേറ്റ് അംഗം നൽകിയ അപേക്ഷ പരിഗണിച്ച ബഹു: വൈസ് ചാൻസലർ, പ്രസ്തുത വിഷയം സർവകലാശാല സിണ്ടിക്കേറ്റിന്റെ സ്ഥിരം സമിതി കോഴ്സ്,റിസേർച്ച്,ലൈബ്രറി ആൻഡ് പബ്ലിക്കേഷൻ (CRLP) മുമ്പാകെ സമർപ്പിക്കാൻ ഉത്തരവിട്ടു .

4.പരാമർശം (5) പ്രകാരം സർവകലാശാലയുടെ മങ്ങാട്ടുപറമ്പ ,നീലേശ്വരം കാമ്പസുകളിലെ പി ജി ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമുകളേക്കുള്ള ഫീസ് ഘടന ഏകീകരിക്കാൻ യോഗത്തിൽ നിർദേശിക്കുകയും ,അതിലേക്കായുള്ള ഫീസ് ഘടന താഴെ സൂചിപ്പിച്ച പ്രകാരം ശുപാർശ ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

| Sl. | FEE DETAILS (Rs) | SEM I | SEM II |
|---|---|---|---|
| 1 | Registration/Application Fee | 1000* | ---- |
| 2 | Admission Fee | 555 | ---- |
| 3 | Tuition Fee (Per Semester) | 16,000 | 16,000 |
| 4 | Library Fee (Per Semester) | 325 | 325 |
| 5 | Student Welfare fund | 360 | --- |
| 6 | Special fee(per year ) | 125 | --- |
| 7 | Caution Deposit(Refundable) | 5000 | ---- |
| 8 | Laboratory Fee(Per Semester) | 7250 | 7250 |
| 9 | Student Affiliation Fee | 440 | ---- |
| 10 | Sports Affiliation Fee | 220 | ---- |
| 11 | University Union Fee | 110 | ---- |
| 12 | University Development Fund(Except SC/ST) | 500 | --- |
| | Semester Total | 31885 | 23575 |
| | * Rs.500 for SC/ST students. | | |

5. സർവകലാശാല സിണ്ടിക്കേറ്റിന്റെ സ്ഥിരം സമിതി കോഴ്സ്,റിസേർച്ച്,ലൈബ്രറി ആൻഡ് പബ്ലിക്കേഷൻ

(CRLP) യുടെ മേൽ ശിപാർശ പരാമർശം (6) പ്രകാരം സർവകലാശാല സിണ്ടിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കാൻ രജിസ്ട്രാർ (i/c ) നിർദേശം നൽകിയിട്ടുണ്ട്

6.തദനുസൃതമായി താഴെ പറയും വിധം ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1.കണ്ണൂർ സർവ്വകലാശാലയുടെ ഐ ടി പഠന വകുപ്പിനു കീഴിൽ മങ്ങാട്ടുപറമ്പ കാമ്പസ്,ഡോ.പികെ.രാജൻ മെമ്മോറിയൽ കാമ്പസ്,നീലേശ്വരം എന്നിവിടങ്ങളിൽ ഉള്ള പി ജി ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമിലേക്കുള്ള ഫീസ് ഘടന 2022-23 അക്കാദമിക വർഷം മുതൽ മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം നിശ്ചയിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.പരാമർശം (1),(2),(3) ലെ സർവകലാശാല ഉത്തരവുകൾ ഇതിനനുസൃതമായി ഭേദഗതി വരുത്തിയിരിക്കുന്നു.

ഒപ്പ്/-

**ബാലചന്ദ്രൻ വി കെ**

**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാദ്)**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1. വകുപ്പ് മേധാവി ,ഐ ടി പഠന വിഭാഗം

2. കാമ്പസ് ഡയറക്ടർ ,ഡോ .പി .കെ .രാജൻ മെമ്മോറിയൽ കാമ്പസ് ,നീലേശ്വരം

3 .ഡോ .എ .അശോകൻ (സിണ്ടിക്കേറ്റ് അംഗം)

പകർപ്പ്: വിസി യുടെ പി എസ്/ രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ /എ ആർ I/ ഐ ടി സെൽ ഡയറക്ടർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ